**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4748** **29.6.2012-ൽ മറുപടിക്ക്**

**മുപ്പതു മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ നിരോധനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) മുപ്പത് മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിരോധിച്ചിട്ടും ഇവ വ്യാപകമായി ഉപയോഗിക്കപ്പെടുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ കർശന നടപടി സ്വീകരിക്കുമോ; | എ) ഉണ്ട്. അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഇതിന്മേലുള്ള നടപടി സ്വീകരിക്കേണ്ടത്. ഇത് ഉറപ്പാക്കാനുള്ള നിർദ്ദേശങ്ങൾ സർക്കാരിൽ നിന്നും നൽകിയിട്ടുണ്ട്. |
| ബി) മുപ്പത് മൈക്രോണിൽ താഴെയുള്ളവ മുപ്പത്തൊന്ന് മൈക്രോൺ എന്ന് മുദ്ര വച്ച് വിൽപ്പന നടത്തുന്നത് തടയാൻ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | ബി) 4.2.2011 ലെ കേന്ദ്ര പരിസ്ഥിതി വനമന്ത്രാലയത്തിന്റെ ഉത്തരവ് പ്രകാരം 40 മൈക്രോണിൽ താഴെ കട്ടിയുള്ള കവറുകൾ നിരോധിച്ചിട്ടുണ്ട്. ആകയാൽ 40 മൈക്രോണിൽ താഴെ കട്ടിയുള്ള കവറുകൾക്കാണ് നിരോധനം നിലവിലുള്ളത്. ഈ വിഷയത്തിൽ നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. |

**സെക്ഷൻ ഓഫീസർ**